ഉത്തരം

(എ) കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. നിർമ്മാണ പുരോഗതി ശതമാനക്കണക്കിൽ താഴെ പറയും പ്രകാരമാണ്. സിവിൽ വർക്ക്സ് (RCC, PCC, Plastering, etc)-90% ഉം ഫ്ലോറിംഗ് 60% ഉം പ്ലംബിംഗ്-25% ഉം ഇലക്ട്രിക്കൽ - എൽ.ടി.വർക്ക്സ്- 80% ഉം പ്രൈമർ പെയിന്റിംഗ് -50% ഉം വരെ ആയിട്ടുണ്ട്. ഗിൽ വർക്ക്, ഫാൾസ് സീലിംഗ്, വാട്ടർ പ്രൂഫിംഗ്, ഇലക്ട്രിക്കൽ-എച്ച്.ടി.വർക്ക്സ്, ഫയർ ഫൈറ്റിംഗ് എന്നിവ ആരംഭിക്കുന്നതേയുള്ളൂ.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിൽനിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി ചില സാങ്കേതിക കാരണങ്ങളാൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് കൈമാറുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കേന്ദ്ര സർക്കാർ വിഹിതമായ പത്ത് കോടി രൂപയിൽ ആറു കോടി രൂപ ലഭിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്.

വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം

276 (3713) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളുടെ സുരക്ഷക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ടൂറിസ്റ്റ് പോലീസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; അതിന്റെ സേവനം തൃപ്തികരമാണോ എന്നും, ഇല്ലെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ യെന്നും അറിയിക്കുമോ ;

(സി) പകർച്ചപ്പനി പോലുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച ഭീതി വിനോദ സഞ്ചാരികളെ പിന്തിരിപ്പിക്കുന്നതിന് കാരണമാവുന്ന സാഹചര്യത്തിൽ സുരക്ഷിത വിനോദസഞ്ചാരം ഉറപ്പുവരുത്തുന്നതിനും അതു സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം മേഖലയെ കൂടുതൽ സുരക്ഷിതമാക്കാൻ ടൂറിസം വാർഡൻമാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പു വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി 'ജീവൻ രക്ഷാ സന്നദ്ധ സേവകൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ലൈഫ്ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

വിനോദസഞ്ചാരികളെ ബാധിക്കുന്ന അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ "കണ്ടിജൻസി റെസ്പോൺസ് സെൽ" സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ടൂറിസ്റ്റ് പോലീസ് സംവിധാനത്തിന്റെ സേവനം തൃപ്തികരമായി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പും സംസ്ഥാന ആഭ്യന്തര വകുപ്പുമായി ചേർന്ന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിനോദ സഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമിട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് അതത് ഡി.റ്റി.പി.സി.-കൾ മുഖാന്തരം 'Clean Destination Campaign' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഏതാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷൻകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡിറ്റിപിസി തലത്തിൽ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്.